"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഗാർഡ് തസ്തികയിൽ ജോലി ചെയ്തു വരവെ മരണപ്പെട്ട കെ. ടിക്കാറാമിന്റെ മകനായ ശ്രീ. പ്രേംകുമാറിന് ആശ്രിത നിയമന പദ്ധതി പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഗാർഡ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(കൈ) നം.4/2023/CLAD തീയതി,തിരുവനന്തപുരം, 17-03-2023

പരാമർശം:- 1. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 01.06.2017, 06.01.2020, 07.03.2022, 02.07.2022, 29.08.2022 എന്നീ തീയതികളിലെ 1864/ഇ2/14/കെ എസ് എഫ് ഡി സി നമ്പർ കത്തുകൾ.

2. 07.06.2007 തീയതിയിലെ സ.ഉ.(പി) നം. 32/2007/plg.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഗാർഡ് തസ്തികയിൽ ജോലി ചെയ്തു വരവെ മരണപ്പെട്ട കെ. ടിക്കാറാമിന്റെ മകനായ ശ്രീ. പ്രേംകുമാറിന് ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നൽകണമെന്ന് ആവശ്യപ്പെട്ട് ടിയാൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. സർവ്വീസിൽ റെഗുലറൈസ് ചെയ്യുന്നതിന് മുൻപ് മരണമടഞ്ഞ ചലച്ചിത്ര വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകിയ കീഴ്വഴക്കം ഉണ്ടെന്ന വസ്തുത ചൂണ്ടിക്കാട്ടി, ശ്രീ. പ്രേംകുമാറിന് നിലവിൽ ഒഴിവുള്ള ഗാർഡ് തസ്തികയിൽ നിയമനം നൽകാവുന്നതാണെന്ന് പരാമർശിത കത്തുകൾ പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്തിരുന്നു. ശ്രീ. പ്രേംകുമാറിന്റെ അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ സർക്കാരിൽ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ടിൽ ശ്രീ. പ്രേംകുമാറിന് ആശ്രിത നിയമന വ്യവസ്ഥയിൽ നിയമനം നൽകുന്നതിനാവശ്യമായ അനന്തരാവകാശ സാക്ഷ്യപത്രവും, ഇതിലുൾപ്പെട്ട അവകാശികളുടെ സമ്മതപത്രവും ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ സെക്യൂരിറ്റി സ്റ്റാഫ് തസ്തികയിൽ ജോലി ചെയ്തു വരവെ 25.06.2009-ൽ മരണപ്പെട്ട കെ. ടിക്കാറാമിന്റെ മകനായ ശ്രീ. പ്രേംകുമാറിന്റെ അപേക്ഷ മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച്, പരാമർശിത ഉത്തരവിന്റെ ഖണ്ഡിക 18-ലെ നിബന്ധനയിൽ ഇളവ് അനുവദിച്ചും പ്രസ്തുത ഉത്തരവിലെ മറ്റ് നിബന്ധനകൾക്ക് വിധേയമായും ടിയാൻ പ്രസ്തുത നിയമനത്തിന് മറ്റുതരത്തിൽ യോഗ്യനാണെങ്കിൽ, ആശ്രിത നിയമന പദ്ധതി പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ നിലവിൽ ഒഴിവുള്ള ഗാർഡ് തസ്തികയിൽ നിയമനം നൽകുന്നതിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

3. അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ തെറ്റാണെന്ന് ബോധ്യപ്പെടുന്ന പക്ഷം നിയമനം റദ്ദാക്കുവാൻ നിയമനാധികാരിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിനി ആന്റണി.ഐ.എ.എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
ശ്രീ. പ്രേംകുമാർ, TC 65/2006, കുന്നുംപുറത്ത് വീട്, തിരുവല്ലം പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്ലാനിംഗ് & ഇക്കോണോമിക്ക് അഫേയ്സ് (ബി പി ഇ) വകുപ്പ് (22.01.2020 ലെ PLGEA-BPE2/14/2020- പ്രകാരം)
നിയമ വകുപ്പ് (11.11.2020-ലെ 6358/ഒപ്പീനിയൻ ഇ1/2020/നിയമം പ്രകാരം)
ധനകാര്യ വകുപ്പ് (29.10.2022-ലെ 2224310- PU-C2-153/2022-Fin പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ് (15.03.2023 ലെ ഇനം നമ്പർ 1422 പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Bijeesh B Gopan
സെക്ഷൻ ഓഫീസർ
Date: 18-03-2023 11:21:33

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 15-03-2023

ഫയൽ നം. എ3/187/2019/സാം.കാ.വ. ഇനം നം: 1422

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - ശ്രീ. പ്രേം കുമാറിന് ചട്ടങ്ങളിൽ ഇളവുവരുത്തി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ആശ്രിത നിയമനം നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ (1), (2)(i) അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

Put up draft
16/3/2023
Received at 4.35pm
16/3/2023

1422

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)**

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | എ 3/187/2019/സാം.കാ.വ. |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | ശ്രീ. പ്രേം കുമാറിന് ചട്ടങ്ങളിൽ ഇളവുവരുത്തി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ആശ്രിത നിയമനം നൽകുന്നത് സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12.12.2022 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | ഉണ്ട് |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ജനാർദ്ദനൻ കെ. |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി. മിനി ആന്റണി |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 28.02.2023 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വി പി. ജോയ് |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 01.03.2023 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. സജി ചെറിയാൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 02.03.2023 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 06.03.2023 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | 15.03.2023 |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ (കെ എസ് എഫ് ഡി സി)-ൽ സെക്യൂരിറ്റി സ്റ്റാഫ് തസ്തികയിൽ ജോലി ചെയ്ത് വരവെ 25.06.2009 ന് മരണപ്പെട്ട കെ.ടിക്കാറാമിന്റെ മകൻ ശ്രീ. പ്രേംകുമാറിന് ചട്ടങ്ങളിൽ ഇളവ് വരുത്തി ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ആശ്രിതനിയമന പദ്ധതി പ്രകാരം നിയമനം നല്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. പ്രേംകുമാർ മുൻപ് സമർപ്പിച്ച അപേക്ഷ, ടിക്കാറാമിന്റെ സർവ്വീസ് സർക്കാർ റെഗുലറൈസ് ചെയ്യാത്തതിനാൽ നിരസിച്ചിരുന്നു. ടിക്കാറാമിനെ പോലെ സർവ്വീസ് റെഗുലറൈസ് ചെയ്യാതെ സർവീസ് കാലയളവിൽ മരണപ്പെട്ട എ സി മെക്കാനിക് ആയിരുന്ന ദിലീപിന്റെ മകൾ ശ്രീമതി. ആർച്ച ദിലീപിനും, സൈറ്റ് എഞ്ചിനിയർ ഗ്രേഡ് II ആയിരുന്ന ജ്യോതിഷ് കുമാറിന്റെ മകൾ ശ്രീമതി. ദേവിക എസിനും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ആശ്രിതനിയമനം വഴി സ്ഥിര ജോലി ലഭ്യമായ സാഹചര്യത്തിൽ അപേക്ഷ പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പ്രേംകുമാർ വീണ്ടും അപേക്ഷ സമർപ്പിക്കുകയുണ്ടായി. സർവ്വീസിൽ റെഗുലറൈസ് ചെയ്യുന്നതിന് മുൻപ് മരണമടഞ്ഞ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ ജീവനക്കാരുടെ ആശ്രിതർക്ക് നിയമനം നൽകിയ കീഴ്വഴക്കം ഉണ്ടെന്ന കാര്യം ചൂണ്ടിക്കാട്ടി ശ്രീ. പ്രേംകുമാറിന്റെ അപേക്ഷ മാനേജിംഗ് ഡയറക്ടർ ശിപാർശ ചെയ്യുകയും ഗാർഡ് തസ്തികയിൽ നിയമനം നൽകാവുന്നതാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. സമാന സാഹചര്യങ്ങളിൽ, ശ്രീമതി. ജാസ്മിൻ എച്ചിന് ആശ്രിതനിയമനം വഴി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിൽ സ്ഥിര വ്യവസ്ഥയിൽ ജോലി നൽകുന്നതിന് സർക്കാർ സ.ഉ(കൈ)നം27/2022/സാം.കാ.വ തീയതി. 08.11.2022 പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

3) ശ്രീ. പ്രേംകുമാറിന്റെ അപേക്ഷയിൻമേൽ തിരുവനന്തപുരം ജില്ലാ കളക്ടർ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അപേക്ഷകന്റെ പിതാവ്

പരേതനായ കെ. ടിക്കാറാമിന് തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ 11030337290 നമ്പറായി റേഷൻ കാർഡ് അനുവദിച്ചിട്ടുണ്ടെന്നും, പ്രസ്തുത റേഷൻകാർഡിൽ അപേക്ഷകനായ ശ്രീ. പ്രേംകുമാറിന്റെ പേരും ഉൾപ്പെട്ടിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. അപേക്ഷകനായ ശ്രീ. പ്രേംകുമാറിന് ആധാർകാർഡ് (നം.752764317712) അനുവദിച്ച് നൽകിയിട്ടുണ്ട്. കെ. ടിക്കാറാമിന്റെ മരണ സർട്ടിഫിക്കറ്റിൽ അപേക്ഷകന്റെ സ്ഥിരമേൽവിലാസം കൊടുത്തിട്ടുള്ളത് 'വലിയ കുന്നും പുറത്തു വീട്, TC 65/2181, പി.ഒ തിരുവല്ലം, തിരുവനന്തപുരം.' എന്നാണ്. ജില്ലാ കളക്ടർ ടിക്കാറാമിന്റെ അനന്തരാവകാശികളുടെ വിവരങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. റിപ്പോർട്ടിൽ 23.11.2019 തീയതിയിൽ അപേക്ഷകനായ ശ്രീ. പ്രേംകുമാറിന് 34 വയസ്സുള്ളതായും അദ്ദേഹം 8-ാം ക്ലാസ്സ് പരീക്ഷ വിജയിച്ചിട്ടുണ്ടെന്നും കുടുംബ വാർഷിക വരുമാനം 72,000/- രൂപയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ശ്രീ. പ്രേംകുമാറും ഭാര്യയും മാത്രമാണ് കേരളത്തിൽ സ്ഥിര താമസമെന്നും ബാക്കി അംഗങ്ങൾ നേപ്പാളിൽ സ്ഥിരതാമസക്കാരാണെന്നും അപേക്ഷകൻ ആധാർ കാർഡും പാൻ കാർഡും എടുത്തിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ. പ്രേംകുമാറിന് ആശ്രിത നിയമനപദ്ധതി പ്രകാരം ജോലി കൊടുക്കുന്നതിന് സമ്മതം അറിയിച്ച് മറ്റ് അനന്തരാവകാശികൾ നൽകിയിട്ടുള്ള സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്.

4) ഈ വിഷയത്തിൽ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെച്ചേർക്കുന്നു:

"പൊതുമേഖലാ സ്ഥാപനങ്ങളിലെ ആശ്രിത നിയമനം സംബന്ധിച്ച ഈ വകുപ്പിന്റെ 07/06/2007-ലെ GO(P) No. 32/2007/Plg നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശത്തിൽ സർവ്വീസ് റഗുലറൈസ് ചെയ്ത ജീവനക്കാരന്റെ ആശ്രിതന് മാത്രമേ നിയമനത്തിന് അർഹതയുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീ. പ്രേംകുമാറിന് നിയമനം നൽകുന്ന വിഷയത്തിൽ ഭരണ വകുപ്പിന് തന്നെ ക്യാബിനറ്റ് അനുമതിയോടെ ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നറിയിക്കുന്നു."

5) മേൽ വിഷയത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും:

"കെ. ടിക്കാറാം ജോലിയിൽ പ്രവേശിച്ചത് 01/12/1980 നും മരണപ്പെട്ടത് 25/06/2009 ലും ആണ്. മരണപ്പെട്ട സമയം ടിയാന് 28 വർഷത്തെ സേവന കാലാവധി ഉണ്ടായിരുന്നു. ടിയാന്റെ മകനായ പ്രേംകുമാർ എട്ടാം ക്ലാസ് പാസായിട്ടുള്ളതാണ്. മറ്റ് അനന്തരാവകാശികൾ പ്രേംകുമാറിന് ജോലി കൊടുക്കാനുള്ള സമ്മതപത്രം നൽകിയിട്ടുണ്ട്.

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിലെ നിയമനം 17.01.1979 ൽ കേരള പബ്ലിക് സർവീസ് കമ്മീഷന് നൽകിയിരുന്നു. മരണപ്പെട്ട ടിക്കാറാമിന്റെ സർവീസ് സർക്കാർ റഗുലറൈസ് ചെയ്തിട്ടില്ല. കെ എസ് എഫ് ഡി സി ഡയറക്ടർ ബോർഡ് യോഗ തീരുമാനപ്രകാരം 10 വർഷത്തിൽ കൂടുതൽ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന 80 ജീവനക്കാരെ 30.09.2015 തീയതിയിൽ സ.ഉ.(എം.എസ്)നം.29/2015/സാം.കാ.വ, 12.11.2015 തീയതിയിൽ സ.ഉ.(എം.എസ്)നം. 38/2015/സാം.കാ.വ എന്നിവ പ്രകാരം സ്ഥിരപ്പെടുത്തിയിരുന്നു. ഇതിനായി മാനേജിങ് ഡയറക്ടർ നൽകിയ ലിസ്റ്റിൽ റിട്ടയർ ചെയ്തവരും മരണപ്പെട്ടവരും ഒഴിവാക്കപ്പെട്ടു. 2009-ൽ ടിക്കാറാം മരണപ്പെട്ടിരുന്നു. ആയതിനാൽ ടിക്കാറാമിന്റെ പേര് പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ട് വന്നില്ല. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതുപോലെ നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം സർവ്വീസിൽ റഗുലറൈസ് ചെയ്യപ്പെട്ടവരുടെ ആശ്രിതർക്കാണ് സമാശ്വാസ നിയമനത്തിന് അർഹതയുള്ളത്. നിലവിലെ ഫയലിൽ അപേക്ഷകന്റെ പിതാവിന്റെ സർവ്വീസ് റഗുലറൈസ് ചെയ്യപ്പെട്ടിരുന്നില്ല. ടിയാൻ 2009-ൽ മരണപ്പെടുകയും ടിയാനോടൊപ്പം ഉണ്ടായിരുന്നവരെ 2015-ൽ റഗുലറൈസ് ചെയ്തുവെന്നതും 2009-ൽ മരണപ്പെട്ട ടിയാന് ബാധകമാകുന്നതല്ല. ഈ സാഹചര്യത്തിൽ ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായത്തോട് ഈ വകുപ്പും യോജിക്കുന്നുവെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

6) കെ എസ് എഫ് ഡി സി യിൽ, ഗാർഡിന്റെ 21 അംഗീകൃത തസ്തികകളാണുള്ളത്. 9 പേർ നിലവിൽ ഈ തസ്തികയിൽ ജോലി നോക്കി വരുന്നു. 12 ഒഴിവുകളുള്ളതിൽ 10 എണ്ണം പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും ഒരൊഴിവ് ആശ്രിത നിയമനത്തിനായി നീക്കി വച്ചിട്ടുള്ളതുമാകുന്നു. അടുത്ത കാലത്ത് നിലവിൽ വന്ന ഒരൊഴിവ് പി.എസ്.സി ക്ക്

റിപ്പോർട്ട് ചെയ്യുന്നതാണെന്ന് എം.ഡി അറിയിച്ചിട്ടുണ്ട്.

7) 07.06.2007 ലെ സ.ഉ(പി)നം.32/2007/plg 30-ാം ഖണ്ഡിക പ്രകാരം,

"The appointment under compassionate employment is to be set off against direct recruitment vacancies and that has to be confined within the 50% of the total vacancies for direct recruitment."

ഈ നിബന്ധനകൾ പാലിച്ചാണ് കെ എസ് എഫ് ഡി സി-യിൽ ആശ്രിത നിയമനത്തിനായി തസ്തികകൾ ഒഴിച്ചിട്ടിരിക്കുന്നതെന്ന് കാണാവുന്നതാണ്.

8) ബഹു. സാംസ്കാരിക വകുപ്പ് മന്ത്രിയുടെ ഉത്തരവ് പ്രകാരം ഗാർഡിന്റെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് കരാർ അടിസ്ഥാനത്തിൽ ശ്രീ. പ്രേംകുമാറിനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കാമോ എന്ന കാര്യത്തിൽ നിയമവകുപ്പിന്റെ അഭിപ്രായം തുടർന്നും ആരാഞ്ഞിരുന്നു. ടി വകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും:

"കേരള ഫിനാൻഷ്യൽ കോഡ് VOLUME I - CHAPTER IV-ൽ 69 (c) വകുപ്പിലാണ് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്നതിനെ കുറിച്ചും ആയതിനു വേണ്ട തത്വങ്ങളെ കുറിച്ചും വിശദീകരിക്കുന്നത്. സർക്കാരിന് നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കാവുന്നതാണ്. ആയവ കേഡർ പരിധിക്ക് ഉപരിയായതിനാൽ പ്രസ്തുത തസ്തികകൾ അവ സൃഷ്ടിച്ച് ആവശ്യം നിറവേറുന്ന മുറയ്ക്ക് ഒഴിവാക്കപ്പെടും. ശ്രീ. പ്രേംകുമാറിന് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഗാർഡിന്റെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്നതിന് പ്രത്യേകിച്ച് നിയമതടസ്സങ്ങൾ ഒന്നും ഇല്ല Malaya Nanda Sethy Versus State of Orissa and others എന്ന കേസിലെ 20.05.2022 തീയതിയിലെ വിധിന്യായത്തിൽ compassionate employment scheme-പ്രകാരം നടത്തുന്ന നിയമനങ്ങളെ കുറിച്ച് ബഹു. സുപ്രീം കോടതി ഇങ്ങനെ നിരീക്ഷിച്ചിട്ടുണ്ട് :-

In view of the above discussion and for the reasons stated above, the impugned judgment and order passed by the High Court is hereby quashed and set aside. The

respondents are directed to consider the case of the appellant for appointment on compassionate grounds under the 1990 Rules as per his original application made in July, 2010 and if he is otherwise found eligible to appoint him on the post of Junior Clerk. The aforesaid exercise shall be completed within a period of four weeks from today. However, it is observed that the appellant shall be entitled to all the benefits from the date of his appointment only. The present appeal is accordingly allowed. However, in the facts and circumstances of the case, there shall be no order as to costs.

Before parting with the present order, we are constrained to observe that considering the object and purpose of appointment on compassionate grounds, i.e., a family of a deceased employee may be placed in a position of financial hardship upon the untimely death of the employee while in service and the basis or policy is immediacy in rendering of financial assistance to the family of the deceased consequent upon his untimely death, the authorities must consider and decide such applications for appointment on compassionate grounds as per the policy prevalent, at the earliest, but not beyond a period of six months from the date of submission of such completed applications.

ഇത്തരം നിയമനങ്ങൾ സർക്കാരിൻെറ നയപരമായ തീരുമാനത്തിന് വിധേയമായതിനാൽ സർക്കാരിൻെറ അനുവാദത്തോടെ ഉചിതതലങ്ങളിൽ ഉത്തരവ് നേടിയ ശേഷം ഈ വിഷയത്തിൽ ഭരണ വകുപ്പിന് തന്നെ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് ഭരണ വകുപ്പിനെ അറിയിക്കാവുന്നതാണ്."

9. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ചുവടെ കണ്ടാലും:

"Administrative Department is informed that finance endorses the opinion of Planning and Economic Affairs Department."

10) ചട്ടങ്ങളിൽ ഇളവ് വരുത്തി ശ്രീ. പ്രേംകുമാറിന് ആശ്രിത നിയമന പദ്ധതി

പ്രകാരം നിയമനം നൽകുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

(1) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ (കെ എസ് എഫ് ഡി സി) സെക്യൂരിറ്റി സ്റ്റാഫ് തസ്തികയിൽ ജോലി ചെയ്ത് വരവെ 25.06.2009 തീയതിയിൽ മരണപ്പെട്ട കെ. ടിക്കാറാമിന്റെ മകൻ ശ്രീ. പ്രേംകുമാറിന്റെ അപേക്ഷ മാനുഷിക പരിഗണന നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച്, 07.06.2007 തീയതിയിലെ സ.ഉ.(പി)നം.32/2007/Plg യിലെ ഖണ്ഡിക 18 ലെ നിബന്ധനയിൽ ഇളവ് അനുവദിച്ചും പ്രസ്തുത ഉത്തരവിലെ മറ്റ് നിബന്ധനകൾക്ക് വിധേയമായും ശ്രീ. പ്രേംകുമാറിന് ആശ്രിത നിയമന പദ്ധതി പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഗാർഡ് തസ്തികയിൽ നിയമനം നൽകാവുന്നതാണോ?

(2) (i) ശ്രീ പ്രേംകുമാറിന് നിയമനം നൽകുന്ന പക്ഷം കെ എസ് എഫ് ഡി സി യിൽ ഒഴിച്ചിട്ടിരിക്കുന്ന ഗാർഡ് തസ്തികയിൽ സ്ഥിരനിയമനം നല്കാവുന്നതാണോ അല്ലെങ്കിൽ

(ii) ഗാർഡിന്റെ ഒരു സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് കരാറടിസ്ഥാനത്തിൽ നിയമനം നല്കാവുന്നതാണോ ?